ട്രാൻസ്ഫറിനുള്ള കാട്ട നിർണ്ണയിക്കുന്നതിന്, ജില്ലയിലെ ജനറൽ എക്സിക്യൂട്ടീവ് കേഡറിലും ജില്ലാ ആംഡ് റിസർവ്വിലും ഉണ്ടാകുമായിരുന്ന ഒഴിവുകളുടെ എണ്ണം പ്രത്യേകം പ്രത്യേകം എടുക്കേണ്ടതാണ്.

(ബി) 31-3-2010 വരെ ജില്ലാ സായുധ റിസർവ്വിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31-3-2010-നുശേഷം കേരളാ സിവിൽ പോലീസിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകാവുന്നതാണ്.

ആശ്രിത നിയമനം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള ഫയലുകളുടെ ഇപ്പോഴത്തെ സ്ഥിതി

33 (1502) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള 24410/കെ.3/2007/ഹോം., 90768/കെ.3/2010/ഹോം. എന്നീ ഫയലുകളുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ എന്നത്തെയ്ക്ക് തീരുമാനം കൈക്കൊള്ളുമെന്നും എന്നത്തേക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കാനാവുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഫയലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ് :

1. 24410/കെ3/2007/ഹോം അപേക്ഷകന് ആശ്രിത നിയമനത്തിനുള്ള യോഗ്യത നിർണ്ണയിച്ചിട്ടുണ്ട്. അപേക്ഷാ തീയതിയുടെ ഊഴമനുസരിച്ച് ഒഴിവു റിപ്പോർട്ടുചെയ്ത് ലഭിക്കുന്ന മുറയ്ക്ക് നിയമനം ലഭിക്കുന്നതാണ്.

2. 90768/കെ3/2010/ഹോം അപേക്ഷകന്റെ യോഗ്യത നിർണ്ണയിക്കുന്നതിനായി ഡി.ജി.പി.-യുടെയും കോഴിക്കോട് ജില്ലാ കളക്ടറുടെയും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന പ്രകാരം മാത്രമേ ജോലിക്കുള്ള അർഹത നിർണ്ണയിക്കുകയുള്ളൂ.

റിട്ടയർ ചെയ്ത പോലീസ് ജീവനക്കാരനെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ ഭരണത്തിനായി നിയമിച്ച നടപടി

34 (1503) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയർ ചെയ്ത പോലീസ് ജീവനക്കാരനെ ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ ഭരണത്തിനായി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരെയാണ് ; എന്നുമുതൽ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സേനയിൽതന്നെ അനേകം പ്രാഗല്ഭ്യമുള്ള ജീവനക്കാർ നിലവിലുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ നിയമനം നൽകിയിരിക്കുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) എം.എൽ.എ. ഹോസ്റ്റലിൽനിന്നും നിയമസഭാ മന്ദിരത്തിലേക്ക് പോകുന്നവഴിയിൽ പ്രസ്തുത ജീവനക്കാരൻ വാഹനം പാർക്കുചെയ്യുന്നതിന് റോഡരികിൽ കമ്പിവേലി നിർമ്മിച്ചിട്ടുള്ള വിവരം പത്ര മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സൈബർ ക്രൈം

35 (1504) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർ ക്രൈമുകൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണങ്ങളെന്തെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ തരം സൈബർ ക്രൈമുകളാണ് സംസ്ഥാനത്ത് വ്യാപകമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ഡി) സമൂഹത്തിൽ ഏത് വിഭാഗത്തിൽപ്പെട്ടവരാണ് കൂടുതലായി സൈബർ ക്രൈമിന് ഇരയാകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരസാങ്കേതികവിദ്യയുടെ കടന്നുകയറ്റം സൈബർ കുറ്റങ്ങൾ വർദ്ധിക്കുന്നതിന് മുഖ്യകാരണമായിട്ടുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കാരണം പലരിലും പ്രത്യേകിച്ച് കൗമാര പ്രായക്കാരിലും യുവാക്കളിലും ഇന്റർനെറ്റ് ദുരുപയോഗം ചെയ്യാനുള്ള പ്രവണതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സൈബർ കഫേകളുടെ മേലുള്ള നിയമപരമായുള്ള നിയന്ത്രണമില്ലായ്മയും സ്കൂൾ, കോളേജ് തലങ്ങളിൽ ക്യാമറയുള്ള മൊബൈൽ ഫോണുകൾ ധാരാളമായി ഉപയോഗിക്കുന്നതും അത് ദുരുപയോഗം ചെയ്യുന്നതുമൂലവും വ്യാജ ഐഡന്റിറ്റി നൽകി മൊബൈൽ/ ഇന്റർനെറ്റ് കണക്ഷനോ അല്ലെങ്കിൽ സൈബർ കഫേകളിൽ ഇരുന്നോ സൈബർ ക്രൈമുകൾ ചെയ്താൽ പിടിക്കപ്പെടില്ലാ എന്ന ധാരണയും ഇന്റർനെറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly